REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 18-11-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ബ്രസീലിലെ റിയോഡി ജനീറോയിൽ G 20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.
- ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹം GSAT 20 നാളെ കെയ്പ് കനാവെറലിൽ നിന്ന് വിക്ഷേപിക്കും.
- മഹാരാഷ്ട്ര , ജാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും.
- പാലക്കാട്ട് നാളെ നിശബ്ദ പ്രചാരണത്തിന്റെ ദിവസം.
- സംസ്ഥാനത്തെ തദ്ദേശ വാർഡ് വിഭജനത്തിന്റെ കരട് വിജ്ഞാപനം ഇന്ന് പ്രസിദ്ധീകരിക്കും.
- ശബരിമലയിൽ തീർത്ഥാടകർക്ക് സുഗമ ദർശനത്തിന് സൗകര്യമൊരുക്കി.

## വാർത്തകൾ വിശദമായി

ബ്രസീലിലെ റിയോഡി ജനീറോയിൽ G 20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഉച്ചകോടിക്കിടെ ലോക നേതാക്കളുമായി മോദി പ്രത്യേക കൂടിക്കാഴ്ച നടത്തുമെന്നും പ്രതീക്ഷിക്കുന്നു.

ഇന്നും നാളെയുമായി നടക്കുന്ന G20 ഉച്ചകോടിയിൽ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗ് എന്നിവരും പങ്കെടുക്കും. വിവിധ ആഗോള പ്രശ്നങ്ങളിൽ ഇന്ത്യയുടെ നിലപാടുകൾ പ്രധാനമന്ത്രി ഉച്ച കോടിയിൽ അവതരിപ്പിക്കും.

'നിഷ്ഠമായ ഒരു ലോകവും സുസ്ഥിര ഗ്രഹവും നിർമ്മിക്കുക' എന്നതാണ് ഈ വർഷത്തെ G20 ഉച്ചകോടിയുടെ പ്രമേയം.

✪✪✪

**മണിപ്പൂരിലെ സുരക്ഷാ സ്ഥിതി സംബന്ധിച്ച് ആഭ്യന്തരമന്ത്രി വിളിച്ച വിശദമായ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.**

**രണ്ട് സമൂഹങ്ങളിലെ സായുധരായ അക്രമികൾ ക്രമസമാധാനം തടസ്സപ്പെടുത്തുകയും അക്രമങ്ങൾ വ്യാപിക്കാൻ ഇട വരുത്തുകയാണെന്നും ആഭ്യന്തര മന്ത്രാലയം കുറ്റപ്പെടുത്തി.**

✪✪✪

**ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 നാളെ യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിക്ഷേപിക്കും. എലോൺ മസ്ക്കിന്റെ Space X ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തുകയെന്ന് ISRO മേധാവി S സോമനാഥ് അറിയിച്ചു. വിദൂര പ്രദേശങ്ങളിലെ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെ ഇന്ത്യയിലുടനീളം സുപ്രധാന സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.**

✪✪✪

**70 പിന്നിട്ട വയോജനങ്ങൾക്കായി കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ആയുഷ്മാൻ വയ് വന്ദന കാർഡിന് പത്ത് ലക്ഷത്തിൽപ്പരം മുതിർന്ന പൗരന്മാർ എൻ-റോൾ ചെയ്തു. ഇതിൽ നാല് ലക്ഷത്തിലേറെ ഗുണഭോക്താക്കൾ സ്ത്രീകളാണ്. കഴിഞ്ഞ മാസം 29 നാണ് വയ്-വന്ദന കാർഡുകൾക്ക് തുടക്കം കുറിച്ചത്.**

✪✪✪

**മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിന്റേയും ജാർഖണ്ഡ് നിയമസഭയിലേക്ക് രണ്ടാം ഘട്ട വോട്ടെടുപ്പിന്റേയും പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. രണ്ടിടത്തും മറ്റന്നാളാണ് വോട്ടെടുപ്പ്. മഹാരാഷ്ട്രയിൽ 288 അംഗ നിയമസഭയിലേക്ക് ഒറ്റഘട്ടത്തിലായാണ് വോട്ടെടുപ്പ്. ജാർഖണ്ഡിൽ 38 മണ്ഡലങ്ങളാണ് രണ്ടാം ഘട്ടത്തിൽ വിധിയെഴുതുന്നത്.**

**വയനാട്, ചേലക്കര, പാലക്കാട് എന്നിവയോടൊപ്പം മഹാരാഷ്ട്രയുടേയും ജാർഖണ്ഡിന്റേയും ജനവിധി ശനിയാഴ്ച അറിയാം.**

✪✪✪

**പാലക്കാട്ട് നാളെ നിശബ്ദ പ്രചാരണത്തിന്റെ ദിവസം. ഒന്നരമാസത്തോളം നീണ്ട നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം വൈകിട്ട് സമാപിക്കും. നഗരത്തിലെ സ്റ്റേഡിയം സ്റ്റാന്റ് പരിസരത്താണ് മുന്നണികളുടെ പ്രചാരണ കൊട്ടിക്കലാശം.**

LDF സ്ഥാനാർഥി ഡോ.P സരിൻ ഇൻഡോർ സ്റ്റേഡിയം പരിസരത്ത് നിന്ന് പ്രചാരണ സമാപനത്തിന് തുടക്കം കുറിക്കും. UDF സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ കൊട്ടിക്കലാശം ഒലവക്കോട്ട് നിന്ന് ആരംഭിക്കും. മേലാമുറിയിൽ നിന്നാണ് NDA സ്ഥാനാർഥി C.കൃഷ്ണകുമാർ കൊട്ടിക്കലാശത്തിന് തുടക്കം കുറിക്കുന്നത്. വൈകീട്ട് നാല് മുതൽ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ വ്യാജ വോട്ടുകൾ ചേർത്ത് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുന്നു വെന്ന് ആരോപിച്ച് LDF കളക്ട്രേറ്റ് മാർച്ച് നടത്തി. നേതാക്കൾ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ കൂടിയായ പാലക്കാട് ജില്ലാ കളക്ടറെ കണ്ട് ഇത് സംബന്ധിച്ച് പരാതികൾ നൽകി. ഇരട്ട വോട്ടുള്ളവർ വോട്ട് ചെയ്യാനെത്തുമ്പോൾ ഫോട്ടോ പകർത്തുമെന്ന് ജില്ലാ കളക്ടർ ഡോ.S.ചിത്ര പറഞ്ഞു.

പാലക്കാടിനു പുറമേ മറ്റേതെങ്കിലും നിയോജക മണ്ഡലത്തിൽ വോട്ടുള്ളവരുടെ പേര് പാലക്കാട്ടെ പട്ടികയിൽ നിലനിർത്തുമെന്നും ഇവരുടെ മറ്റു മണ്ഡലത്തിലെ വോട്ട് ഒഴിവാക്കുമെന്നും ജില്ലാ കളക്ടർ വ്യക്തമാക്കി.

✪✪✪

കോൺഗ്രസിൽ ചേരുന്ന പ്രാദേശിക നേതാക്കൾ പോലും പാണക്കാട് തങ്ങളെ കണ്ട് വണങ്ങേണ്ട ഗതികേടിലാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ പറഞ്ഞു. പാണക്കാട് എത്തി അനുഗ്രഹം വാങ്ങിയാൽ മാത്രമേ കോൺഗ്രസിൽ പ്രവർത്തിക്കാനാവൂ എന്ന അവസ്ഥയാണ് ഇപ്പോഴെന്നും അദ്ദേഹം പാലക്കാട്ട് വാർത്താസമ്മേളനത്തിൽ വിലയിരുത്തി. കോൺഗ്രസ് ഒരു വിഭാഗത്തിന്റേത് മാത്രമായി മാറിക്കഴിഞ്ഞു. എന്തുകൊണ്ടാണ് മറ്റ് മത സാമുദായിക നേതാക്കളെ നവാഗതർ കാണാത്തതെന്നും സുരേന്ദ്രൻ ചോദിച്ചു.

പോപ്പുലർ ഫ്രണ്ടും പാണക്കാട് തങ്ങളും മാത്രം മതി തിരഞ്ഞെടുപ്പ് ജയിക്കാൻ എന്നാണ് പ്രതിപക്ഷനേതാവ് VD സതീശന്റെ വിചാരമെന്നും, ലജ്ജാകരമായ സ്ഥിതിയിലേക്ക് കോൺഗ്രസ് എത്തിയിരിക്കുകയാണെന്നും സുരേന്ദ്രൻ കുറ്റപ്പെടുത്തി. LDF, PDP യുമായി ചേർന്ന് പ്രചാരണം നടത്തുകയാണെന്നും, ഒരു വിഭാഗത്തിന്റെ വോട്ട് കിട്ടാൻ വർഗീയത പ്രചരിപ്പിക്കുമ്പോൾ, ശേഷിക്കുന്ന 77 ശതമാനം ജനങ്ങൾക്ക് ഒരു വിലയുമില്ലാത്ത അവസ്ഥയാണെന്നും അദ്ദേഹം പറഞ്ഞു. മുനമ്പം വഖഫ് ഭൂമിയായി പ്രഖ്യാപിക്കണമെന്ന ചില മുസ്ലിം സംഘടനകളുടെ ആവശ്യത്തെപ്പറ്റി കോൺഗ്രസും ഇടതുപക്ഷവും നിലപാട് വ്യക്തമാക്കണമെന്നും സുരേന്ദ്രൻ ആവശ്യപ്പെട്ടു.

✪✪✪

സന്ദീപ് വാര്യർ പാർട്ടിയിൽ ചേർന്നതിൽ കോൺഗ്രസിലെ ഒരു വിഭാഗത്തിന് എതിർപ്പുണ്ടെന്ന് CPIM കേന്ദ്രകമ്മിറ്റിയംഗം AK ബാലൻ പാലക്കാട്ട് പറഞ്ഞു. സന്ദീപ് ഇപ്പോഴും RSS നിയന്ത്രണത്തിലാണെന്നും, അദ്ദേഹം ഹിന്ദുത്വ പ്രത്യയ ശാസ്ത്രത്തെ തള്ളിയിട്ടില്ലെന്നും ബാലൻ അഭിപ്രായപ്പെട്ടു.

✪✪✪

ജമാ അത്തെ ഇസ്ലാമിയാണ് ലീഗിനും UDF നും ബുദ്ധി ഉപദേശിക്കുന്നതെന്ന് മന്ത്രി MB രാജേഷ് കുറ്റപ്പെടുത്തി. RSS നെയും ജമാ അത്തെ ഇസ്ലാമിയെയും ഒരേപോലെയാണ് ഇടതുപക്ഷം കാണുന്നതെന്നും അദ്ദേഹം പാലക്കാട്ട് ചാനൽ അഭിമുഖത്തിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ തദ്ദേശ സ്ഥാപന വാർഡ് വിഭജനത്തിന്റെ കരട് വിജ്ഞാപനം ഇന്ന് പ്രസിദ്ധീകരിക്കും. തദ്ദേശ സ്ഥാപനങ്ങളിലും ഡീലിമിറ്റേഷൻ കമ്മീഷന്റെ വെബ്സൈറ്റിലും കരട് പ്രസിദ്ധപ്പെടുത്തും. പരാതികളും ആക്ഷേപങ്ങളും അടുത്തമാസം മൂന്ന് വരെ സ്വീകരിക്കും. പരാതികൾ നേരിട്ടോ രജിസ്റ്റേർഡ് തപാലിലോ അതാത് കലക്ടറേറ്റിലും ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിലും നൽകാം. ഇതു പരിശോധിച്ച് കമ്മീഷണർ നേരിട്ട് സിറ്റിങ് നടത്തിയശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കും.

✪✪✪

ഗവൺമെന്റുകൾ വിമർശനങ്ങൾക്ക് അതീതരല്ലെന്ന് സ്പീക്കർ A.N ഷംസീർ പറഞ്ഞു. കാലിക്കറ്റ് പ്രസ് ക്ലബ് മാധ്യമ അവാർഡുകൾ വിതരണം ചെയ്ത് സംസാരിക്കുക യായിരുന്നു അദ്ദേഹം. മാധ്യമങ്ങൾ വികസനങ്ങളെ തകർക്കാൻ ശ്രമിക്കരുതെന്നും, പോരായ്മകൾ ശ്രദ്ധയി ൽപ്പെടുത്താമെന്നും സ്പീക്കർ പറഞ്ഞു.

✪✪✪

ഇന്ന് ദേശീയ പ്രകൃതിചികിത്സ ദിനം. 2018-ലാണ് ആയുഷ് മന്ത്രാലയം നവംബർ 18 പ്രകൃതി ചികിത്സാദിനമായി പ്രഖ്യാപിച്ചത്. പ്രകൃതിചികിത്സാ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഗുണങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനുമാണ് ദിനാചരണം.

✪✪✪

ലോക പൈതൃക വാരാഘോഷത്തിന് സംസ്ഥാനത്ത് നാളെ തുടക്കമാവും. സംസ്ഥാന തല ചടങ്ങ് രാവിലെ കണ്ണൂർ പയ്യാമ്പലത്തെ കൈത്തറി മ്യൂസിയത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. 1924 ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷനിൽ പ്രദർശിപ്പിച്ച പരമ്പരാഗത തുണിത്തരങ്ങളുടെ പ്രത്യേക പ്രദർശനം നാളെയും മറ്റന്നാളും ഉണ്ടാവും. 25വരെയാണ് ലോകപൈതൃക വാരാഘോഷം.

✪✪✪

സന്നിധാനത്ത് സുഖദർശനം സാധ്യമാകുന്നതിന്റെ ആശ്വാസത്തിലാണ് തീർഥാടകർ. ദർശന സമയങ്ങളിൽ മിനിട്ടിൽ 80 പേർക്കു വീതം 18-ാംപടി കയറാൻ കഴിയുന്നുണ്ട്.

ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി S ശ്രീധർ.

.....(വോയ്സ്)..........

✪✪✪

സീരിയൽ മേഖലയിൽ സെൻസറിംഗ് ആവശ്യമാണെന്നും, സീരിയലിലൂടെ തെറ്റായ സന്ദേശങ്ങൾ സമൂഹത്തിലേക്ക് എത്തുന്നുണ്ടെന്നും സംസ്ഥാന വനിത കമ്മീഷൻ അധ്യക്ഷ P സതീദേവി അഭിപ്രായപ്പെട്ടു. സീരിയൽ രംഗത്തെ സ്ത്രീകളുടെ പ്രശ്നങ്ങൾ കമ്മീഷന്റെ പരിഗണനയിലുണ്ടെന്നും അവർ തിരുവനന്തപുരത്ത് പറഞ്ഞു.

പാലക്കാട്ട് വനിതാ കോൺഗ്രസ് നേതാക്കളുടെ മുറിയിലെ പരിശോധനയ്ക്കെതിരെ നൽകിയ പരാതിയിൽ റിപ്പോർട്ട് ആവശ്യപ്പെട്ടതായും സതീദേവി അറിയിച്ചു. മഹിളാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റിന്റെ പരാതിയിലാണ് നടപടി.

✪✪✪

കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവം നാളെ പയ്യന്നൂരിൽ ആരംഭിക്കും. പയ്യന്നൂർ നഗരത്തിലെയും പരിസരങ്ങളിലെയും 16 വേദികളിലാണ് മത്സരങ്ങൾ.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ......

.......(വോയ്സ്)..................

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവം നാളെ ആരംഭിക്കും. നഗരത്തിലെ 20 വേദികളിലായി ശനിയാഴ്ച വരെ 319 ഇനങ്ങളിലായി 8,000 ത്തോളം മത്സരാർത്ഥികൾ പങ്കെടുക്കും. രജിസ്ട്രേഷൻ വൈകീട്ട് എഴുത്തുകാരൻ VR സുധീഷ് ഉദ്ഘാടനം ചെയ്യും. മറ്റന്നാളാണ് സ്റ്റേജ് മത്സരങ്ങൾ ആരംഭിക്കുന്നത്.

✪✪✪

മുൻ രാഷ്ട്രപതി ഡോ. APJ അബ്ദുൾ കലാമിന്റെ പ്രസ് സെക്രട്ടറിയായിരുന്ന SM ഖാന്റെ ഖബറടക്കം ഉച്ചയ്ക്ക് ഒന്നരയ്ക്ക് ജന്മനാടായ ഉത്തർപ്രദേശിലെ ഖുർജയിൽനടക്കും. ഇന്നലെ ന്യൂഡൽഹിയിലായിരുന്നു 67 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. 1982 ബാച്ച് ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഓഫീസറായിരുന്ന SM ഖാൻ വാർത്താ വിഭാഗം ഡയറക്ടർ ജനറലായും പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫിയിൽ ഇന്ത്യ സെമിയിൽ നാളെ ജപ്പാനെ നേരിടും.

ഇന്നലെ ബിഹാറിലെ രാജ്ഗിറിൽ അവസാന ലീഗ് റൗണ്ട് പോരാട്ടത്തിൽ ജപ്പാനെ എതിരില്ലാത്ത മൂന്ന് ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിൽ പ്രവേശിച്ചത്.

നാളെ മറ്റൊരു സെമിയിൽ ചൈന, മലേഷ്യയെയും നേരിടും.

✪✪✪

ഓസ്ട്രേലിയയ്ക്കെതിരെ വെള്ളിയാഴ്ച്ച പെർത്തിൽ ആരംഭിക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ് ഉദ്ഘാടന മത്സരത്തിൽ, ഇന്ത്യയുടെ ടെസ്റ്റ് ക്യാപ്റ്റൻ രോഹിത് ശർമ്മ കളിക്കില്ല. രോഹിത്തിന്റെ അഭാവത്തിൽ വൈസ് ക്യാപ്റ്റൻ ജസ്പ്രീത് ബുംറ ടീമിനെ നയിക്കും.

✪✪✪